ഉത്തരം

(എ) വിശദമായ പഠനത്തിലൂടെ തെരഞ്ഞെടുത്ത 42.47 കി. മീ. സിറ്റി റോഡിന്റെ പുനർനിർമ്മാണവും പാളയത്ത് ഒരു അടിപ്പാതയും ബേക്കറി ജംഗ്ഷനിലും മേലെ പഴവങ്ങാടിയിലും ഓരോ മേൽപ്പാലവും ആണ് ഏറ്റെടുത്തിരിക്കുന്നത്. BOT annuity പ്രകാരമുള്ള ഈ പണികൾ 2006 നവംബർ 15-ാം തീയതി തീർക്കണം.

(ബി) പഴയ PWD ഷെഡ്യൂൾ ഓഫ് റെയിറ്റ് പ്രകാരം 112 കോടി രൂപയുടെ പണിയാണിത്.

(സി) ഇപ്പോൾ പണി തുടങ്ങിയ റോഡുകൾ പൂർത്തിയാക്കാതെ സിറ്റിയിൽ പുതിയ റോഡ് പദ്ധതികൾ പ്രായോഗികമല്ല.

(ഡി) നാലു റിംഗ് റോഡുകളും അവയെ ബന്ധിപ്പിച്ചുള്ള റേഡിയൽ റോഡുകളും ആണ് മാസ്റ്റർ പ്ലാനിൽ ഉള്ളത്. ഇതിൽ ഉൾപ്പെട്ട 42.47 കി. മീ. പണികൾ ഏറ്റെടുത്തു ബാക്കിയുള്ള റോഡുകൾ ഈ പണികൾ തീരുന്ന മുറയ്ക്ക് ഏറ്റെടുക്കും.

പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷനുകൾ

43 [2932] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പുതുതായി മിനി സിവിൽ സ്റ്റേഷനുകളോ കളക്ട്രേറ്റുകളോ പണിയാനുദ്ദേശിക്കുന്നതെന്നും അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഓഫീസുകളുടെ ആവശ്യത്തിലേക്കായി കോഴിക്കോട് ജില്ലയിൽ എത്ര പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര കെട്ടിടങ്ങൾ പൂർത്തീകരിച്ചുവെന്നും അവയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും കരാറുകാർക്ക് ഇനി എത്ര തുക നൽകാനുണ്ടെന്നും അത് എന്ന് കൊടുത്തു തീർക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) 6 കെട്ടിടങ്ങളുടെ പണി ആരംഭിച്ചതിൽ അഴിയൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. 3.23 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ബിൽഡിംഗ്സ് ഡിവിഷന്റെ കീഴിൽ കാരാറുകാർക്ക് ആകെ കൊടുത്തു തീർക്കുവാനുള്ള തുക 1534 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബില്ലുകളുടെ സീനിയോറിറ്റി അടിസ്ഥാനത്തിൽ കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതാണ്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[17-3-2005-ലെ ചോദ്യം നമ്പർ 43 (2932)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷനുകളുടേയും കളക്ട്രേറ്റുകളുടേയും വിശദാംശങ്ങൾ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം ജില്ല :

1. സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം
2. മിനി സിവിൽ സ്റ്റേഷൻ, പാറശ്ശാല
3. മിനി സിവിൽ സ്റ്റേഷൻ, ആറ്റിങ്ങൽ

കൊല്ലം ജില്ല :

മിനി സിവിൽ സ്റ്റേഷൻ, ചാത്തന്നൂർ

പത്തനംതിട്ട ജില്ല :

മിനി സിവിൽ സ്റ്റേഷൻ, കോന്നി

കോട്ടയം ജില്ല :

മിനി സിവിൽ സ്റ്റേഷൻ, ഏറ്റുമാനൂർ

എറണാകുളം ജില്ല :

1. മിനി സിവിൽ സ്റ്റേഷൻ, പെരുമ്പാവൂർ
2. മിനി സിവിൽ സ്റ്റേഷൻ, മട്ടാഞ്ചേരി

തൃശ്ശൂർ ജില്ല :

മിനി സിവിൽ സ്റ്റേഷൻ, വടക്കാഞ്ചേരി

പാലക്കാട് ജില്ല :

1. മിനി സിവിൽ സ്റ്റേഷൻ, ഒറ്റപ്പാലം
2. മിനി സിവിൽ സ്റ്റേഷൻ, ആലത്തൂർ

മലപ്പുറം ജില്ല :

1. മിനി സിവിൽ സ്റ്റേഷൻ, നിലമ്പൂർ
2. മിനി സിവിൽ സ്റ്റേഷൻ, തിരൂരങ്ങാടി

കോഴിക്കോട് ജില്ല :

1. മിനി സിവിൽ സ്റ്റേഷൻ, താമരശ്ശേരി
2. മിനി സിവിൽ സ്റ്റേഷൻ, അഗസ്ത്യമൂഴി, കുന്ദമംഗലം.

LIBRARY ARCHIVES Kerala Legislative Assembly